# കൃഷി വിജ്ഞാന കേന്ദ്രം – ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം - 690 533, കേരളം

## വാർത്താപത്രിക
## NEWSLETTER

Vol. 19 Issue 04
വാല്യം 19 ലക്കം 04

October - December 2021
ഒക്ടോബർ - ഡിസംബർ 2021




## ഉള്ളടക്കം


- കൃഷിവിജ്ഞാന കേന്ദ്രത്തിൽ പുതുസംരംഭങ്ങൾ
- അന്താരാഷ്ട്ര മണ്ണ് ദിനാചരണം
- ദേശീയ കർഷക ദിനാഘോഷം
- ലോക ഭക്ഷ്യദിനാഘോഷം
- ശുചിത്വ (സ്വച്ഛത) കാമ്പയിൻ
- മഹിളാ കിസാൻ ദിനാചരണം
- പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ വെബ് കാസ്റ്റിംങ്
- ഗ്രാമീണ പ്രവർത്തി പരിചയ പരിശീലനം

വിജയഗാഥ :

- കൂൺ വിത്തുത്പാദനത്തിലൂടെ നേട്ടം കൊയ്ത് സുധ


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ QR CODE സ്കാൻ ചെയ്യുക.


കെ. വി. കെ. യുമായി ബന്ധപ്പെടാൻ...

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ : 0479 2449268
0479 2959268, 9447790268

Email: kvk.alappuzha@icar.gov.in
kvkalapuzha@gmail.com
Website : www.kvkalappuzha.icar.gov.in


## കൃഷി വിജ്ഞാനകേന്ദ്രത്തിൽ പുതുസംരംഭങ്ങൾ



കേരള സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ സ്ഥാപിതമായ കാർഷികോത്പന്ന സംസ്കരണ പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം ബഹു: കൃഷി വകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദ്, 18-11-2021 ന് നിർവ്വഹിച്ചു. ഇതോടൊപ്പം ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹായത്തോടെ നിർമ്മിച്ച പരിശീലന ഹാളിന്റെയും ലബോറട്ടറി സമുച്ചയത്തിന്റെയും ഉദ്ഘാടനം ബഹു: ആലപ്പുഴ എം.പി.അഡ്വ: എ.എം.ആരിഫും നിർവഹിച്ചു. കായംകുളം എം.എൽ.എ അഡ്വ. യു.പ്രതിഭ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി വിജ്ഞാനകേന്ദ്രങ്ങളുടെ ബംഗളൂരു സോൺ ഡയറക്ടർ ഡോ.വെങ്കിടസുബ്രമണ്യൻ, കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ. അനിതാ കരുൺ, കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. എസ്.കലാവതി, കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി.മുരളീധരൻ, ജനപ്രതിനിധികൾ, ആലപ്പുഴ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ആർ.ശ്രീരേഖ, പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. സി.പി.റോബർട്ട് തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ അമ്പതോളം കാർഷിക സംരംഭകർ ഒരുക്കിയ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും മുഖാമുഖവും ഇതോടൊപ്പം സംഘടിപ്പിച്ചിരുന്നു. നാളികേരം, ചക്ക, വാഴപ്പഴം, നെല്ല്, പപ്പായ, സുഗന്ധവ്യഞ്ജനങ്ങൾ, ചെറുധാന്യങ്ങൾ, ഫലവർഗ്ഗങ്ങൾ എന്നിവയിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവുമാണ് നടന്നത്.



കാർഷികോത്പ്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പരിശീലന ഇൻകുബേഷൻ സൗകര്യങ്ങളുള്ള സെന്ററും എൺപതോളം കർഷകരെ ഉൾക്കൊള്ളാവുന്ന ആധുനിക സൗകര്യങ്ങളോട് കൂടിയ പരിശീലന ഹാളും, മണ്ണ് പരിശോധനയ്ക്കും ചെടികളുടെ ആരോഗ്യ പരിപാലനത്തിനും കീടരോഗനിയന്ത്രണത്തിനും ആവശ്യമായ നിരീക്ഷണ പരീക്ഷണ ഉപകരണങ്ങൾ അടങ്ങിയ പരിശോധനാ ലബോറട്ടറിയുമാണ് ഉത്ഘാടനം ചെയ്യപ്പെട്ടത്.

## • അന്താരാഷ്ട്ര മണ്ണ് ദിനാചരണം

'ലവണാംശം നിയന്ത്രിച്ചുകൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കാം', 'നല്ല കാർഷിക മുറകൾ അനുവർത്തിക്കുന്നതിലൂടെ മണ്ണിന്റെ ആരോഗ്യവും അതുവഴി ആരോഗ്യമുള്ള ഒരു ജനസമൂഹത്തെയും വാർത്തെടുക്കാം' എന്നീ സന്ദേശങ്ങൾ കർഷകരിലേക്ക് എത്തിക്കുന്നതിന് ഡിസംബർ 5 ന് അന്താരാഷ്ട്ര മണ്ണ് ദിനാഘോഷം സംഘടിപ്പിച്ചു. എടത്വ ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച ചടങ്ങിൽ തിരഞ്ഞെടുത്ത 50 കർഷകർക്ക് മണ്ണിന്റെ ആരോഗ്യ കാർഡ് വിതരണം ചെയ്തു. എടത്വ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മറിയാമ്മ ജോർജ്ജ് ഉത്ഘാടനം ചെയ്ത ചടങ്ങിൽ 'മണ്ണിന്റെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കാം' എന്ന വിഷയത്തിൽ ഡോ.കെ. സജ്നാനാഥ് കർഷകരോട് സംസാരിച്ചു. ഇത് കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ 15 വിദ്യാർത്ഥികൾ 'വിളകളിലെ പോഷകക്കുറവിന്റെ ലക്ഷണങ്ങളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുകയും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 65 കർഷകർ പങ്കെടുക്കുകയും ചെയ്തു.



## • ദേശീയ കർഷക ദിനാഘോഷം

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 23 ന് പുലിയൂർ കൃഷി ഭവന്റെ സഹകരണത്തോടെ ദേശീയ കർഷക ദിനാഘോഷം സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് നടത്തിയ സെമിനാറിൽ മണ്ണിന്റെ പോഷക പരിപാലനത്തെക്കുറിച്ച് ഡോ. കെ.സജ്നനാഥും, മഞ്ഞളിന്റെ ഉത്പാദന വിപണനശൃംഖലാ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. രാജീവ് എം.എസും കർഷകരുമായി സംവദിച്ചു.



## • ലോക ഭക്ഷ്യ ദിനാഘോഷം

ലോക ഭക്ഷ്യ ദിനാഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 16 ന് 'വീട്ടുവളപ്പിലെ ഫലസംസ്ക്കരണം' എന്ന വിഷയത്തിൽ ഒരു ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ തിരഞ്ഞെടുത്ത കർഷകരെ ഉൾപ്പെടുത്തി സംഘടിപ്പിച്ച പരിപാടിയിൽ വിവിധ ഫലസംസ്ക്കരണ രീതികളെക്കുറിച്ച് ശ്രീമതി. ജി.ലേഖ ക്ലാസ്സ് നയിച്ചു. ഇതോടൊപ്പം തകഴി ഗവൺമെന്റ് യു.പി സ്കൂളിലെ മാതൃഭൂമി സീഡ് ക്ലബ്ബ് അംഗങ്ങളായ കുട്ടികൾക്കായി ഒരു ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചിരുന്നു.

## • ശുചിത്വ (സ്വച്ഛത) കാമ്പയിൻ

കൃഷിയിടങ്ങളിലും ഗൃഹപരിസരത്തും പാലിക്കേണ്ട ശുചിത്വം, ഗുണമേന്മയുള്ള ഉത്പാദനോപാധികളുടെ ഉപയോഗം, ജൈവ വസ്തുക്കളുടെ പുനഃചംക്രമണത്തിലൂടെ മാലിന്യനിർമ്മാർജ്ജനം എന്നീ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി വിജ്ഞാന കേന്ദ്രം പുലിയൂർ ഗ്രാമ പഞ്ചായത്തിന്റെ സഹായത്തോടെ ഒരു ശുചിത്വ കാമ്പയിൻ 2021 ഒക്ടോബർ 6 ന് സംഘടിപ്പിച്ചു. പുലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.ജി. ശ്രീകുമാർ കാമ്പയിൻ ഉത്ഘാടനം ചെയ്തു. കൃഷി വിജ്ഞാന കേന്ദ്രം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റുമാരായ ഡോ. കെ. സജ്നാനാഥ്, ശ്രീമതി. ജിസ്സി ജോർജ്ജ് എന്നിവർ കൃഷിയിടത്തിലേയും വീട്ടുവളപ്പിലേയും ശുചിത്വത്തിലൂടെ ആരോഗ്യപരിപാലനം എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു. ഇതേ തുടർന്ന് വീട്ടുവളപ്പിലെ പോഷകത്തോട്ടങ്ങളിലേക്ക് ആവശ്യമായ ജൈവ വളങ്ങൾ ഇ.എം. കമ്പോസ്റ്റിംഗിലൂടെ ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഒരു പ്രദർശനവും സംഘടിപ്പിച്ചു. പുലിയൂർ കൃഷി ഓഫീസർ ശ്രീമതി. മഞ്ജുഷ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കുടുംബശ്രീ കോർഡിനേറ്റർ തുടങ്ങിയവരും 25ഓളം കർഷകരും പങ്കെടുത്തു.



## • മഹിളാ കിസാൻ ദിനാചരണം



കൃഷ്ണപുരം സാന്ത്വനം കൾച്ചറൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹകരണത്തോടെ ഒക്ടോബർ 15ന് മഹിളാ കിസാൻ ദിനാചരണം സംഘടിപ്പിച്ചു. കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷാനി കുരുമ്പോലിൽ വനിതാ കർഷകർക്ക് പച്ചക്കറി വിത്തുകൾ നൽകി ദിനാചരണം ഉദ്ഘാടനം ചെയ്തു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളീധരൻ ജൈവ പച്ചക്കറികൃഷിയിലൂടെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വനിതാ കർഷകരെ ബോധവത്ക്കരിച്ചു. പോഷകത്തോട്ടത്തിന്റെ പ്രാധാന്യം, പോഷകത്തോട്ടത്തിലെ വിളകളുടെ പരിപാലനം എന്നീ വിഷയങ്ങളിൽ ശ്രീമതി. ജിസ്സിജോർജ്ജ്, ശ്രീമതി. ജി.ലേഖ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## • പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ വെബ് കാസ്റ്റിങ്ങ്

ഡിസംബർ 16 ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ഗുജറാത്തിൽ നടന്ന കാർഷികമേളയിൽ പ്രകൃതികൃഷി (Natural Farming) എന്ന വിഷയത്തിൽ കർഷകരെ അഭിസംബോധന ചെയ്ത് സംസാരിച്ചതിന്റെ വെബ്കാസ്റ്റിങ്ങ് കൃഷി വിജ്ഞാന കേന്ദ്രത്തിൽ സംഘടിപ്പിച്ചു. ഇതോടൊപ്പം സംഘടിപ്പിച്ച കർഷക ശാസ്ത്രജ്ഞ മുഖാമുഖത്തിൽ കർഷകർ, വിദ്യാർത്ഥികൾ, കൃഷി വിജ്ഞാന കേന്ദ്രം ഉദ്യോഗസ്ഥർ തുടങ്ങി അമ്പതോളം പേർ പങ്കെടുത്തു.



## • കാർഷിക വിദ്യാർത്ഥികൾക്കായി ഗ്രാമീണ പ്രവർത്തി പരിചയ പരിശീലനം



കേരള കാർഷിക സർവ്വകലാശാലയിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കായി ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി ഒരാഴ്ച വീതം നീണ്ടുനിന്ന ഗ്രാമീണ പ്രവൃത്തി പരിചയ പരിശീലനപരിപാടി സംഘടിപ്പിച്ചു. ഈ പരിശീലനത്തിന്റെ ഭാഗമായി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, കൃഷിയിട പരീക്ഷണം, മുൻനിര പ്രദർശനം തുടങ്ങിയവയെക്കുറിച്ചും വിദ്യാർത്ഥികൾക്ക് അവബോധം നൽകി. കൂടാതെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ പരിശീലന പരിപാടികളും ഓൺലൈനായി സംഘടിപ്പിച്ചിരുന്നു.

| സ്ഥാപനം | പഠിതാക്കൾ | കാലയളവ് | ഓൺലൈൻ പരിശീലന വിഷയം |
|---|---|---|---|
| കാർഷിക കോളേജ് വെള്ളായണി | 17 | 4–7 ഒക്ടോബർ | ശീതകാല പച്ചക്കറി കൃഷി |
| കാർഷിക കോളേജ് പടന്നക്കാട് | 14 | 22–27 നവംബർ | ജൈവവള നിർമ്മാണം ഗാർഹിക മാലിന്യ സംസ്ക്കരണം |
| കാർഷിക കോളേജ് വെള്ളാനിക്കര | 14 | 4–8 ഡിസംബർ | വിളകളിലെ പോഷക കുറവിന്റെ ലക്ഷണങ്ങളും പരിഹാരമാർഗ്ഗങ്ങളും |



## • വിജയഗാഥ

### കൂൺ വിത്തുത്പാദനത്തിലൂടെ നേട്ടം കൊയ്ത് സുധ



ആലപ്പുഴ ജില്ലയിലെ എരമല്ലൂരിൽ നിന്നുള്ള ഒരു മികച്ച കൂൺ കർഷകയാണ് ശ്രീമതി. സുധ. പോസ്റ്റ് ഓഫീസ് റിക്കറിംഗ് ഡെപ്പോസിറ്റ് ഏജന്റായ സുധയുടെ ഒരു അധിക വരുമാനമാർഗ്ഗത്തെക്കുറിച്ചുള്ള അന്വേഷണം അവസാനിച്ചത് കൂൺ കൃഷിയിലാണ്. ടെലിവിഷൻ പരിപാടികളിലൂടെ ലഭിച്ച അറിവ് വിവിധ കാർഷിക പ്രസിദ്ധീകരണങ്ങളിലെ ലേഖനങ്ങളിലൂടെയും തന്റെ തന്നെ നാട്ടുകാരിയായ ശ്രീമതി. ഷൈജി വർഗ്ഗീസിന്റെ കൂൺശാല സന്ദർശനത്തിലൂടെയും വർദ്ധിപ്പിച്ചു. സ്വന്തമായി കൂൺ കൃഷി ചെയ്യാനുള്ള ആത്മവിശ്വാസം ലഭിച്ചശേഷം അവർ 10 കൂൺ തടങ്ങളിലൂടെ കൃഷി ആരംഭിച്ചു. ജൈവ രീതിയിൽ ഉത്പാദിപ്പിച്ച കൂണിന് ആവശ്യക്കാർ വർദ്ധിച്ച് വരുകയും ക്രമേണ 100 മുതൽ 500 കൂൺ തടങ്ങൾ വരെയായി കൃഷി വർദ്ധിപ്പിക്കുകയും ചെയ്തു. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ രണ്ട് കൂൺ ശാലകൾ നിർമ്മിക്കുകയും അത് വഴി ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യാൻ ശ്രീമതി. സുധയ്ക്ക് സാധിച്ചു.

കൂൺ ഉത്പാദനം വർദ്ധിച്ചപ്പോൾ കൂടുതൽ കൂൺ വിത്ത് ആവശ്യമായി വരികയും സ്വന്തമായി വിത്ത് ഉത്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുകയും ചെയ്തു. തുടർന്ന് ശ്രീമതി. സുധയ്ക്ക് ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന 'കൂൺ വിത്തുത്പാദനം' എന്ന തൊഴിലധിഷ്ഠിത പരിശീലനത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. ഇത് വഴി ലഭിച്ച പ്രായോഗിക അറിവ് കൂൺ വിത്തുത്പാദനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കാൻ പ്രേരണയായി. ഇന്ന് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കൂൺ കർഷകർ ഗുണമേന്മയുള്ള വിത്ത് ലഭിക്കാൻ ശ്രീമതി. സുധയെയാണ് ആശ്രയിക്കുന്നത്.

തന്റെ വിശ്രമവേളകൾ ആനന്ദകരവും ഫലപ്രദവുമാക്കുക മാത്രമല്ല, മികച്ച ഒരു വരുമാന മാർഗ്ഗമായി പ്രയോജനപ്പെടുത്തുന്നു എന്നതും ശ്രീമതി. സുധയുടെ വിജയത്തിന് കാരണമാണ്. എ.എസ്.മഷ്റൂം എന്ന ബ്രാൻഡിലാണ് കൂണും കൂൺവിത്തും വിപണിയിലേക്ക് എത്തിക്കുന്നത്.

## കൃഷി വിജ്ഞാന കേന്ദ്രം – കാർഷികോത്പന്ന സംസ്ക്കരണ പരിശീലന കേന്ദ്രം

### ഉത്പന്ന സംസ്ക്കരണ സൗകര്യങ്ങൾ

**നാളികേരം**
- ഡീഷെല്ലിങ് മെഷീൻ
- ടെസ്റ്റ റിമൂവർ
- വെറ്റ് പൾവറൈസർ
- തേങ്ങാപ്പാൽ എക്സ്ട്രാക്റ്റർ
- VCO കുക്കർ
- സ്ക്രൂ പ്രസ്സ്
- ഉരുളി റോസ്റ്റർ

**ഫലങ്ങളും പച്ചക്കറികളും**
- പൾപ്പർ
- സ്റ്റോറിനർ
- ഫ്രീസർ
- കട്ടർ

**ഭക്ഷ്യവസ്തുക്കൾ**
- റിട്ടോർട്ട്
- ഡ്രയർ
- പൾവറൈസർ
- പാസ്ത എക്സ്ട്രൂഡർ
- ഡോ മിക്സ്ചർ
- ബാൻഡ് സീലർ
- RO വാട്ടർ യൂണിറ്റ്
- റൈസ് ഹള്ളർ

### സേവനങ്ങൾ

**സംരംഭകർ**
- പരിശീലനം
- സംരംഭകത്വ വികസനം
- ഇൻകുബേഷൻ
- പദ്ധതി രൂപീകരണം

**വിദ്യാർത്ഥികൾ**
- പ്രോജക്ടുകൾ
- ഇന്റേൺഷിപ്പ്

**വിജ്ഞാനവ്യാപന പ്രവർത്തകർ**
- ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ
- പദ്ധതിനിർവ്വഹണം

Printed & Published by: **Dr. (Mrs.) Anitha Karun**, Acting Director, ICAR-CPCRI, Kasaragod
Co-ordination & Editing: **Dr. P. Muraleedharan**, Principal Scientist & Head. Text, Layout & Compilation: **Rajeev M.S**
Technical Inputs: **Jissy George, Dr. K. Sajnanath, Lekha G, Dr. S. Ravi & Dr. T. Sivakumar**
Technical Support : **Ansary K.M., Bijila P.V.**